I ഇ.ബി. XIV - കേരള നിയമസഭ /XIII-9

## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഡിസംബർ 07, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ശബരിമല വിഷയവുമായി ബന്ധപ്പെട്ട് നിയമസഭാ കവാടത്തിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന പ്രതിപക്ഷാംഗങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 9.16-ന് തുടർന്നുള്ള ചോദ്യോത്തരവേളയും ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദുചെയ്യുകയും അവയ്ക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത

ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്.

(2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്.

(3) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടും ഒൻപതും റിപ്പോർട്ടുകൾ.

(കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്തു.)

സഭ രാവിലെ 9.17-ന് പിരിഞ്ഞു.

*******